ങ്ങളുടെ വിതരണം, മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, വനിതാ ബസ്സ് സർവ്വീസുകൾ ഏർപ്പെടുത്തുക, യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി മുഖേന ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആവശ്യമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുക, നാടൻ വള്ളങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിന് മണ്ണെണ്ണ ലഭ്യമാക്കുക, ന്യായവിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് വ്യാസ സ്റ്റോറുകൾ നടത്തുക എന്നിവയൊക്കെയാണ് ഗ്രാമസംഘങ്ങൾ മുഖേന നടത്തിവരുന്ന പ്രധാന പരിപാടികൾ.

(സി) ഉണ്ട്.

(ഡി) നിലവിലുള്ള ഭരണ സമിതികളുടെ കാലാവധി കഴിയുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പു നടത്തി ഭരണം പുതിയ സമിതിയെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

മൽസ്യത്തൊഴിലാളികൾക്കുള്ള ഉപകരണങ്ങൾ വാങ്ങിയതിലെ അഴിമതി

102 [120] ശ്രീ. എം. കെ. കേശവൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കണാരൻ :
,, കെ.വി.സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ നൽകുന്നതിനായി സാധനങ്ങൾ വാങ്ങിയതിൽ എന്തെങ്കിലും അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചു ;

(സി) അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) പതിനെട്ട് പരാതികൾ ലഭിച്ചു.

(സി) പരാതികളിൻമേൽ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മേൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തുകളുടെ അതിർത്തി പുന:നിർണ്ണയം

103 [121] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജനസംഖ്യാപരമായും ഭൂമിശാസ്ത്രപരമായും ഉള്ള സൗകര്യങ്ങളെ മുൻനിർത്തി പഞ്ചായത്തുകളുടെ അതിർത്തി പുന:നിർണ്ണയം ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

വില്ലേജടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുന:നിർണ്ണയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly